പ്രസ്തുത തസ്തികയിലേക്ക് താൽക്കാലിക നിയമനം നടത്താവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. പി.എസ്.സി. വഴി നികത്തേണ്ട ഒഴിവുകൾ എല്ലാം തന്നെ പി.എസ്.സി. വഴി നികത്താൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഒഴിവുകൾ നിയമാനുസരണം, പി.എസ്.സി.യെ അറിയിക്കാത്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം, ഉത്തരവാദപ്പെട്ടവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(4) വാഹനാപകടങ്ങൾ ഒഴിവാക്കാൻ അടിയന്തിര നടപടി

<u>ശ്രീ. ജോസ് ബേബി</u> : സർ, കേരളത്തിലെ ഏറ്റവും പൊതുവായ ഒരു വിഷയത്തെക്കുറിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കേരളത്തിൽ ഇപ്പോൾ നടക്കുന്ന അപകടമരണങ്ങളുടെ പത്രവാർത്തകൾ ദിവസേന ഏറെ ഞെട്ടലോടെയാണ് ആളുകൾ വായിക്കുന്നത്. വാഹനങ്ങളുടെ അമിതമായ വേഗതയും, ലക്കും ലഗാനുമില്ലാതെയുള്ള ഡ്രൈവിംഗും, ട്രാഫിക് നിയന്ത്രണങ്ങൾ ഒരു തരത്തിലും പാലിക്കാതെയുള്ള വാഹനങ്ങളുടെ സഞ്ചാരവും സംസ്ഥാനത്ത് നടക്കുന്ന അപകടമരണങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. വാഹനങ്ങളുടെ അമിതമായ സ്പീഡ് നിയന്ത്രിക്കുന്നതിനും ട്രാഫിക് നിയന്ത്രണങ്ങൾ പാലിക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ ട്രാഫിക് പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കണം. ഗൾഫ് രാജ്യങ്ങളിലൊക്കെ, അമിതമായ ഡ്രൈവിംഗ് ഉണ്ടോ, അമിതമായ സ്പീഡ് ഉണ്ടോ, ട്രാഫിക് നിയന്ത്രണം പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി ചില ഫോട്ടോ സംവിധാനം ഉൾപ്പെടെ അവിടെ പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അത്തരം സംവിധാനങ്ങൾ ഉൾപ്പെടെ ഏർപ്പെടുത്തിക്കൊണ്ട് ഈ സംസ്ഥാനത്ത് ഇപ്പോൾ ഉണ്ടാകുന്ന അമിത വേഗത അതുപോലെ തന്നെ ട്രാഫിക് നിയന്ത്രിക്കാത്ത നടപടികൾ തുടങ്ങിയവ കർശനമായ രീതിയിൽ നിയന്ത്രിക്കുവാൻ ആവശ്യമായ നിയമ നടപടികൾ ഉണ്ടാക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഇ.കെ. നായനാർ</u>) : സർ, വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനും കുറ്റമറ്റ ട്രാഫിക് സംവിധാനം നടപ്പിലാക്കുന്നതിനും വേണ്ടി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയപാതയിലും എം.സി. റോഡിലും ഹൈവേ പട്രോൾ സംവിധാനവും ഇടുക്കി, വയനാട് ഒഴികെ മറ്റെല്ലാ ജില്ലകളിലും ദൈനംദിന പട്രോളിംഗ് സംവിധാനവും ഏർപ്പെടുത്തി. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സിറ്റികളിലും തിരുവനന്തപുരം റൂറൽ, മലപ്പുറം, പാലക്കാട് എന്നീ പോലീസ് ജില്ലകളിലും ഹാൻഡ് ഹെൽഡ് ട്രാഫിക് റഡാർ സംവിധാനം ഏർപ്പെടുത്തി. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി അതിർത്തിക്കുള്ളിൽ ഹെവി വെഹിക്കിൾ, ലൈറ്റ് വെഹിക്കിൾ, മോട്ടോർ സൈക്കിൾ, ഓട്ടോറിക്ഷ ഇവയുടെ സ്പീഡ് മണിക്കൂറിൽ യഥാക്രമം 35,40,40,30 കിലോമീറ്റർ ആയി നിജപ്പെടുത്തി. പശ്ചിമഘട്ട റോഡുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സമീപമുള്ള റോഡുകൾ എന്നിവ ഒഴിച്ചുള്ള റോഡുകളിൽ ലൈറ്റ് മോട്ടോർ വെഹിക്കിൾ, ഹെവി മോട്ടോർ വെഹിക്കിൾ, മോട്ടോർ സൈക്കിളുകൾ എന്നിവയുടെ വേഗതപരിധി യഥാക്രമം 70,60,50 കിലോമീറ്റർ കവിയാൻ പാടില്ലെന്ന് നിശ്ചയിച്ചു. സ്പീഡു നിയന്ത്രണങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു.

ട്രാഫിക് സിഗ്നൽ ലൈറ്റ് സമ്പ്രദായം, ആവശ്യമെന്നു തോന്നുന്ന റോഡുകളിൽ വൺവെ ട്രാഫിക് സംവിധാനം ഇവ വ്യാപിപ്പിച്ചു. സ്പീഡ് റഡാർ, മീഡിയനുകൾ, റിഫ്ളക്ടർ ഇവ സ്ഥാപിച്ച് അപകടങ്ങൾ കുറ

LIBRARY ARCHIVES Kerala Legislative Assembly

യ്ക്കുന്നു. മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ 'ബ്രീത്ത് അനലൈസർ' ഉപയോഗിച്ച് കണ്ടുപിടിച്ച് നിയമനടപടികളെടുക്കുന്നു. റ്റൈം എൻഫോഴ്സ്മെന്റ് ചെക്കിംഗ് ഏർപ്പെടുത്തി സിറ്റികളിൽ അമിതവേഗത ഒഴിവാക്കാൻ നടപടിയെടുത്തുവരുന്നു. ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും റേഡിയോ, ദൂരദർശൻ തുടങ്ങിയ മാധ്യമങ്ങളിലൂടെയും ജനങ്ങൾക്ക് ഉപദേശങ്ങൾ നൽകിവരുന്നു. ട്രാഫിക് അദാലത്തുകൾ, ട്രാഫിക് വാരാഘോഷങ്ങൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. 'സ്റ്റുഡന്റ്സ് ട്രാഫിക് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ പ്രോഗ്രാം' ഉൾപ്പെടുന്ന 'സിംക്രൈനൈസ്ഡ് ട്രാഫിക് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ പ്രോഗ്രാം' നടപ്പിലാക്കിവരുന്നു. ട്രാഫിക് പോലീസിനെ സഹായിക്കാൻ ട്രാഫിക് വാർഡൻ സമ്പ്രദായം നടപ്പാക്കിവരുന്നു. ട്രാഫിക് സ്റ്റേഷന്റെ അംഗസംഖ്യ വർദ്ധിപ്പിക്കാനും എല്ലാ ജില്ലകളിലും ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കാനും നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ എല്ലാം ഫലമായി വാഹനാപകടങ്ങളുടെയും അപകടങ്ങളിൽ പരിക്കു പറ്റുന്നവരുടെയും മരണമടയുന്നവരുടെയും എണ്ണത്തിൽ ഒരു നേരിയ കുറവ് കഴിഞ്ഞ 2 വർഷമായി ഉണ്ടായിട്ടുണ്ട്. അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(5) കുന്ദമംഗലം മുക്കം പഞ്ചായത്തിലെ അബൂബക്കർ എന്ന ആളുടെ കൊലപാതകം

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, കുന്ദമംഗലം നിയോജക മണ്ഡലത്തിൽപ്പെട്ട മുക്കം പഞ്ചായത്തിൽ തോട്ടത്തിൽക്കടവ് എന്ന സ്ഥലത്തുവച്ച് നീലേശ്വരം എസ്റ്റേറ്റിലെ തൊഴിലാളിയും സി.ഐ.ടി.യുവിന്റെ പ്രവർത്തകനുമായ എൻ.സി. അബൂബക്കറെ ബി.ജെ.പി., ബി.എം.എസ് പ്രവർത്തകർ അഞ്ചാറുപേർ കൂടി കഴിഞ്ഞ ബുധനാഴ്ച കൊലപ്പെടുത്തുകയുണ്ടായി. തനിക്കുനേരെ ഇവരുടെ ഭാഗത്തുനിന്ന് വധഭീഷണിയുണ്ടെന്ന് രണ്ടുദിവസംമുമ്പ് പോലീസിന് പരാതി കൊടുത്തിട്ട് മുക്കം പോലീസ് ഗൗരവമായി ഈ പ്രശ്നം കൈകാര്യം ചെയ്യാത്ത ഒരു സ്ഥിതികൂടി ഉണ്ടായിട്ടുണ്ട്. പ്രതികളെ ഇതുവരെ അറസ്റ്റു ചെയ്തിട്ടില്ല. അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് ബഹു. മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : അതിനെ സംബന്ധിച്ച് നോട്ടീസിൽ ഒന്നും കാണുന്നില്ല.

മി. സ്പീക്കർ : ഇന്നലെ പോസ്റ്റു ചെയ്തതാണ്.

ശ്രീ. ഇ.കെ. നായനാർ : ഇന്നലത്തേയോ,

മി. സ്പീക്കർ : അതെ, ശ്രീ. സി.പി. ബാലൻ വൈദ്യരുടെ.

ശ്രീ. ഇ.കെ. നായനാർ : അതിനെപ്പറ്റി ആലോചിച്ച് നടപടിയെടുക്കുന്നതാണ്.

മി. സ്പീക്കർ : അല്ല, മുഖ്യമന്ത്രിയുടെ കയ്യിൽ ഉണ്ടെന്നു പറഞ്ഞു,

ശ്രീ. ഇ.കെ. നായനാർ : എനിക്കു കിട്ടാത്തത് ഞാൻ എന്തു ചെയ്യാനാ? അബൂബക്കർ എന്ന സി.ഐ.ടി.യു. പ്രവർത്തകനെ കൊലചെയ്ത വാർത്ത ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. പക്ഷെ എഴുതി കിട്ടേണ്ടേ? ആ വാർത്തയുണ്ട്. അതിനെ സംബന്ധിച്ച് പോലീസ് അന്വേഷണവും ഉണ്ട്. അത് എന്റെ കൈയിലില്ല. റിപ്പോർട്ട് ഇല്ല, അവിടെ കിട്ടിയിട്ടുമില്ല.

LIBRARY ARCHIVES Kerala Legislative Assembly